# ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE : 20.12.2024** | **പ്രധാന വാർത്തകൾ** | **TIME : 12.50 PM**

1) ശീതകാല സമ്മേളനം പൂർത്തിയാക്കി പാർലമെൻറിൻറെ ഇരുസഭകളും അനിശ്ചിത കാലത്തേക്ക് പിരിഞ്ഞു. രൂക്ഷമായ ഭരണ-പ്രതിപക്ഷ പ്രതിഷേധത്തിന് വേദിയായി പാർലമെൻറ്.

Both the houses of Parliament adjourned sine die today amidst the ruckus.

2) ഒരു രാജ്യം, ഒരു തിരഞ്ഞെടുപ്പ് സംബന്ധിച്ച ബില്ലുകൾ സംയുക്ത പാർലമെൻറ് സമിതിയുടെ പരിഗണനയ്ക്ക് വിട്ടു. അടുത്ത സമ്മേളനത്തിൽ സമിതി റിപ്പോർട്ട് കൈമാറും.

Bills relating to one country and one election are referred to a Joint Parliamentary Committee. The committee will submit its report by the first day of the last week of the next Parliament session.

3) കേന്ദ്ര ബജറ്റിന് മുന്നോടിയായി, ¬ ധനമന്ത്രി നിർമല സീതാരാമൻ ഇന്ന് സംസ്ഥാന ധനമന്ത്രിമാരുമായി ചർച്ച നടത്തും.

Union Finance Minister Nirmala Sitharaman will hold pre-budget consultations with finance ministers of various states in Jaisalmer today.

4) 29-ാ മത് കേരള രാജ്യാന്തര ചലച്ചിത്ര മേളയ്ക്ക് ഇന്ന് സമാപനം.

The 29th Kerala International Film Festival will conclude today in Thiruvananthapuram.

5) ഐ.എസ്.എൽ ഫുട്ബോളിൽ ഇന്ന് എഫ്.സി ഗോവ മോഹൻ ബഗാനുമായി ഏറ്റുമുട്ടും

In ISL Football, FC Goa will face Mohun Bagan today.

************************

## LS SINE DIE

രൂക്ഷമായ പ്രതിപക്ഷ പ്രതിഷേധത്തിനിടെ ശീതകാല സമ്മേളനം പൂർത്തിയാക്കി പാർലമെൻറിൻറെ ഇരുസഭകളും അനിശ്ചിത കാലത്തേക്ക് പിരിഞ്ഞു. ഡോ. ബി.ആർ അംബേദ്കറുമായി ബന്ധപ്പെട്ട കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുടെ പ്രസ്താവനയ്ക്കെതിരെ ലോക്സഭയിൽ സമ്മേളന നടപടികൾ ആരംഭിച്ചപ്പോൾ തന്നെ പ്രതിപക്ഷം പ്രതിഷേധമുയർത്തി. പാർലമെൻറിൻറെ പവിത്രത കാത്തുസൂക്ഷിക്കുന്നത് അംഗങ്ങളുടെ കൂട്ടായ ചുമതലയാണെന്ന് സ്പീക്കർ ഓം ബിർള ചൂണ്ടിക്കാട്ടി. പാർലമെൻറ് കവാടത്തിലെ പ്രതിഷേധം സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ എംപിമാർ കർശനമായി പാലിക്കണമെന്നും അദ്ദേഹം നിർദ്ദേശിച്ചു. ബഹളം തുടരുന്ന സാഹചര്യത്തിൽ സഭ അനിശ്ചിത കാലത്തേക്ക് പിരിയുകയായിരുന്നു.

രാജ്യസഭയും അതിരൂക്ഷമായ ഭരണ-പ്രതിപക്ഷ ബഹളത്തിനാണ് ഇന്ന് വേദിയായത്. ജനങ്ങളുടെ വിശ്വാസവും, പ്രതീക്ഷയും കാത്തുസൂക്ഷിക്കാൻ പാർലമെൻറ് അംഗങ്ങൾ ശ്രദ്ധിക്കണമെന്ന് സഭാധ്യക്ഷൻ ജഗ്ദീപ് ധൻകർ ചൂണ്ടിക്കാട്ടി. തുടർന്ന് 12 മണി വരെ നിർത്തി വച്ച സഭാനടപടികൾ, പുനരാരംഭിച്ചെങ്കിലും ബഹളം തുടരുന്ന

സാഹചര്യത്തിൽ അനിശ്ചിത കാലത്തേക്ക് പിരിയുകയായിരുന്നു.

************************

## LS – ONE NATION ONE ELECTION ( INTRO)

ഒരു രാജ്യം, ഒരു തിരഞ്ഞെടുപ്പ് സംബന്ധിച്ച രണ്ട് ബില്ലുകൾ സംയുക്ത പാർലമെൻറ് സമിതിയുടെ പരിഗണനയ്ക്ക് വിട്ടു. ലോക്സഭയിൽ നിന്ന് 27 അംഗങ്ങളും രാജ്യസഭയിൽ നിന്ന് 12 പേരുമാണ് സമിതിയിലുള്ളത്. ബില്ലുകൾ ജെ.പി.സി യുടെ പരിഗണനയ്ക്ക് വിടുന്നതായ പ്രമേയം കേന്ദ്ര നിയമ മന്ത്രി അർജുൻ റാം മേഘ്വാൾ സഭയിൽ അവതരിപ്പിച്ചു.

(ഹോൾഡ്)

പാർലമെൻറിൻറെ അടുത്ത സമ്മേളനത്തിൻറെ അവസാന ആഴ്ചയിൽ സംയുക്ത പാർലമെൻറ് സമിതി റിപ്പോർട്ട് സമർപ്പിക്കും. ബിജെപി നേതാക്കളായ പി.പി ചൗധരി, അനുരാഗ് സിങ്ങ് ഠാക്കൂർ, പർഷോത്തം രൂപാല, കോൺഗ്രസ് നേതാക്കളായ പ്രിയങ്ക ഗാന്ധി, മനീഷ് തിവാരി, സിപിഐ(എം) എംപി കെ. രാധാകൃഷ്ണൻ, എൻസിപി അംഗം സുപ്രിയ സുലേ തുടങ്ങിയവർ സമിതിയിലുണ്ട്.

************************

## PARLIAMENT – PROTEST

പാർലമെൻറിന് പുറത്ത് കഴിഞ്ഞ ദിവസമുണ്ടായ പ്രതിഷേധത്തിനിടെ രണ്ട് ബിജെപി എംപിമാർക്ക് പരിക്കേറ്റ സംഭവത്തിൽ എൻ ഡി എ എംപിമാർ ഇന്ന് പ്രതിഷേധിച്ചു. ഡോ.ബി ആർ അംബേദ്കറോട് അനാദരവ് കാണിച്ചത് കോൺഗ്രസാണെന്ന് അംഗങ്ങൾ ആരോപിച്ചു. കേന്ദ്ര ആഭ്യന്തര മന്ത്രിയുടെ അംബേദ്കർ പരാമർശത്തിൽ പ്രതിപക്ഷ എം പിമാർ

ഇന്നും പാർലമെൻറിന് പുറത്ത് പ്രതിഷേധം തുടർന്നു. ഇന്നലെ നടന്ന പ്രതിഷേധത്തിനിടയിൽ രണ്ട് ബിജെപി എംപിമാർക്ക് പരിക്കേറ്റതുമായി ബന്ധപ്പെട്ട പരാതിയിൽ ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിക്കെതിരെ ഡൽഹി പോലീസ് എഫ്ഐആർ ഫയൽ ചെയ്തിരുന്നു. പരിക്കേറ്റ അംഗങ്ങളുടെ നില തൃപ്തികരമാണെന്ന് കേന്ദ്ര മന്ത്രി കിരൺ റിജിജു അറിയിച്ചു.

************************

**President - (INTRO)**

ആത്മ നിർഭർ ഭാരതിന്റെ കാലഘട്ടമാണിതെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു. സെക്കന്തരബാദിലെ കോളേജ് ഓഫ് ഡിഫൻസ് മാനേജ്മെന്റിന് പ്രസിഡന്റ്സ് കളേഴ്സ് സമ്മാനിക്കുകയായിരുന്നു രാഷ്ട്രപതി. പ്രതിരോധ മേഖലയിലും സാങ്കേതിക വിദ്യയുടെ സഹായത്തോടെ കാലാനുസൃതമായ മാറ്റങ്ങൾ ഉണ്ടാകണമെന്നും ശ്രീമതി മുർമു പറഞ്ഞു.

(HOLD voice)

************************

**PARIKSHA PE CHARCHA (INTRO)**

പ്രധാനമന്ത്രി നരേന്ദ്ര മോദി നയിക്കുന്ന പരീക്ഷാ പേ ചർച്ചയുടെ എട്ടാമത് പതിപ്പ് അടുത്ത മാസം നടക്കും. പരിപാടിയിൽ പങ്കെടുക്കാൻ MyGov പോർട്ടലിലൂടെ ജനുവരി 14 വരെ അപേക്ഷിക്കാം. വിദ്യാർത്ഥികൾക്കൊപ്പം അധ്യാപകരുമായും രക്ഷിതാക്കളുമായും സംവദിക്കാൻ പരീക്ഷാ പേ ചർച്ച തനിക്ക് അവസരമൊരുക്കുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു,

(ഹോൾഡ്)

പിരിമുറുക്കമില്ലാതെ  പരീക്ഷാകാലത്തെ
നേരിടുന്നതിന്  വിദ്യാർത്ഥികളെ
സജ്ജരാക്കുകയാണ്  പരീക്ഷാ പേ ചർച്ചയുടെ ലക്ഷ്യം.

************************

## AMIT SHAH-SSB

ദേശ സുരക്ഷയ്ക്കായി അഭിമാനകരമായ സേവനമാണ് സശസ്ത്ര സീമാ ബൽ കാഴ്ച വച്ചതെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ.  എസ് എസ് ബി സ്ഥാപക ദിനത്തോടനുബന്ധിച്ച് സിലിഗുരിയിൽ സംഘടിപ്പിച്ച പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.  രാജ്യത്തിനായി ജീവൻ ബലിയർപ്പിച്ച സേനാംഗങ്ങൾക്ക് അദ്ദേഹം ശ്രദ്ധാഞ്ജലി അർപ്പിച്ചു. അതിർത്തി മേഖലയിലെ നുഴഞ്ഞു കയറ്റവും, കുറ്റകൃത്യങ്ങളും തടയാൻ എസ്.എസ്.ബി സൈനികർ വഹിക്കുന്ന പങ്ക് നിസ്തുലമാണെന്നും അദ്ദേഹം വ്യക്തമാക്കി.

************************

## Nirmala Sitharaman - pre-budget

കേന്ദ്ര ബജറ്റിന് മുന്നോടിയായി, ധനമന്ത്രി നിർമല സീതാരാമൻ ഇന്ന് സംസ്ഥാന ധനമന്ത്രിമാരുമായി  ജയ്സാൽമീറിൽ ചർച്ച നടത്തും. 2025 - 2026 വർഷത്തേക്കുള്ള പൊതു ബജറ്റ്  ഫെബ്രുവരി ഒന്നിന് പാർലമെന്റിൽ അവതരിപ്പിക്കാനാണ് കേന്ദ്രസർക്കാർ തീരുമാനിച്ചിരിക്കുന്നത്. നിക്ഷേപം, തൊഴിൽ അവസരങ്ങൾ തുടങ്ങിയവ സംബന്ധിച്ച നയരൂപീകരണ ചർച്ചകളാണ് സംസ്ഥാനങ്ങളുമായി നടക്കുന്നത്.

************************

## IFFK

ചലച്ചിത്രക്കാഴ്ചയുടെ അവിസ്മരണീയ മുഹൂർത്തങ്ങൾ പ്രേക്ഷകർക്ക് സമ്മാനിച്ച 29-ാ മത് കേരള രാജ്യാന്തര ചലച്ചിത്ര മേളയ്ക്ക് ഇന്ന് സമാപനം. വൈകിട്ട് 6- ന് നിശാഗന്ധി ഓഡിറ്റോറിയത്തിൽ നടക്കുന്ന സമാപന സമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. സുവർണ ചകോരം, രജത ചകോരം ഉൾപ്പെടെയുള്ള പുരസ്കാരങ്ങൾ ചടങ്ങിൽ സമ്മാനിക്കും. സംവിധായിക പായൽ കപാഡിയയ്ക്ക് 'സ്പിരിറ്റ് ഓഫ് സിനിമ പുരസ്കാരവും മുഖ്യമന്ത്രി സമ്മാനിക്കും. സുവർണ ചകോരം നേടിയ ചിത്രത്തിൻറെ പ്രദർശനവും തുടർന്ന് നടക്കും.

************************

## Manohar Lal

കേന്ദ്ര ഊർജ്ജ, നഗരകാര്യ മന്ത്രി മനോഹർ ലാൽ രണ്ട് ദിവസത്തെ സന്ദർശനത്തിനായി നാളെ കേരളത്തിലെത്തും. മുഖ്യമന്ത്രി പിണറായി വിജയനുമായി അദ്ദേഹം മറ്റന്നാൾ തിരുവനന്തപുരത്ത് കൂടിക്കാഴ്ച നടത്തും. ഊർജ്ജ, നഗരകാര്യ പദ്ധതികളുടെ അവലോകനവും സന്ദർശനത്തിൻറെ ഭാഗമായി നടക്കും. തുടർന്ന് കൊച്ചി സന്ദർശിക്കുന്ന അദ്ദേഹം വാട്ടർ മെട്രോ പ്രവർത്തനങ്ങളും വിലയിരുത്തും.

************************

## M T

പ്രശസ്ത സാഹിത്യകാരൻ എം.ടി വാസുദേവൻ
നായരുടെ ആരോഗ്യനില ഗുരുതരം. കോഴിക്കോട് സ്വകാര്യ ആശുപത്രിയിൽ
ചികിത്സയിലായിരുന്ന അദ്ദേഹത്തിന് ഹൃദയസ്തംഭനം ഉണ്ടായതായി ആശുപത്രി അധികൃതർ മെഡിക്കൽ ബുള്ളറ്റിനിലൂടെ അറിയിച്ചു. ഡോക്ടർമാരുടെ വിദഗ്ദ്ധ സംഘം ആരോഗ്യനില നിരീക്ഷിച്ചുവരികയാണ്.

************************

## REV. JAIPUR-ROAD ACCIDENT

രാജസ്ഥാനിൽ, ജയ്പൂർ-അജ്മീർ ദേശീയ പാതയിൽ ഇന്ന് പുലർച്ചെ 6 മണിക്ക് രണ്ടു ഗ്യാസ് ടാങ്കറുകൾ കൂട്ടിയിടിച്ചുണ്ടായ അപകടത്തിൽ ഏഴ് മരണം. . 33 പേർക്ക് പരിക്കേറ്റു .പരിക്കേറ്റവരിൽ പലരുടെയും നില ഗുരുതരമാണ്. അപകടത്തെ തുടർന്ന് 29 ട്രക്കുകളും 2 സ്ലീപ്പർ ബസുകളും ഉൾപ്പെടെ 40 വാഹനങ്ങൾ കത്തിനശിച്ചതായി ജയ്പൂർ കളക്ടർ അറിയിച്ചു.
സംഭവത്തെക്കുറിച്ച് അന്വേഷിക്കാൻ ഉന്നതതല സമിതി രൂപീകരിച്ചിട്ടുണ്ട്.

************************

## DELHI - FIRECRACKERS

ഡൽഹിയിൽ 2025 ജനുവരി 1 മുതൽ എല്ലാത്തരം പടക്കങ്ങൾക്കും സർക്കാർ സമ്പൂർണ നിരോധനം പ്രഖ്യാപിച്ചു. നഗരത്തിൽ വർദ്ധിച്ചുവരുന്ന വായു മലിനീകരണത്തിന്റെ പശ്ചാത്തലത്തിലാണ് നടപടി. പടക്കങ്ങളുടെ വിൽപ്പന, സംഭരണം, ഉപയോഗം എന്നിവ പൂർണമായും നിരോധിക്കും. 1986 ലെ പരിസ്ഥിതി സംരക്ഷണ നിയമ പ്രകാരം രാജ്യതലസ്ഥാനത്ത്

പടക്കങ്ങൾക്ക് സ്ഥിരമായ നിരോധനം ഏർപ്പെടുത്താനാണ് നിർദ്ദേശം .

************************

## TRAINS-DELAYED

ഉത്തരേന്ത്യയിൽ ശക്തമായ മൂടൽ മഞ്ഞ് ട്രെയിൻ സർവ്വീസുകളെ ബാധിച്ചു. സമ്പർക്ക് ക്രാന്തി എക്സ്പ്രസ്, തെലങ്കാന എക്സ്പ്രസ്, പദ്മാവത് എക്സ്പ്രസ് തുടങ്ങി ഡൽഹിയിൽ നിന്നുള്ള 14 ഓളം ട്രെയിനുകളാണ് വൈകി ഓടുന്നത്. യാത്രക്കാർ ട്രെയിനുകളുടെ സമയക്രമീകരണം പരിശോധിക്കണമെന്ന് റെയിൽവെ അഭ്യർത്ഥിച്ചു.

************************

## ISL

ഐ.എസ്.എൽ ഫുട്ബോളിൽ ഇന്ന് എഫ്.സി ഗോവ മോഹൻ ബഗാനുമായി ഏറ്റുമുട്ടും. രാത്രി 7.30 ന് ഗോവയിലെ ഫത്തോർദ സ്റ്റേഡിയത്തിലാണ് മത്സരം.

************************

## WORLD PARA ATHLETICS

ലോക പാരാ അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിൻറെ പന്ത്രണ്ടാം പതിപ്പിന് ഇന്ത്യ ആതിഥേയത്വം വഹിക്കും. ന്യൂഡൽഹിയിലെ ജവഹർലാൽ നെഹ്‌റു സ്റ്റേഡിയത്തിൽ 2025 സെപ്റ്റംബർ 26 മുതൽ ഒക്ടോബർ 5 വരെയാണ് ചാമ്പ്യൻഷിപ്പ് നടക്കുക. ഇതാദ്യമായാണ് ഇന്ത്യ ലോക പാരാ അത്‌ലറ്റിക്സിന് വേദിയാവുന്നത്.

************************

## INDIA-US DEFENCE TIES

ഇന്ത്യയുമായുള്ള പ്രതിരോധ ബന്ധം മികച്ച രീതിയിൽ മുന്നേറുകയാണെന്ന് യുഎസ്. അമേരിക്കയുടെ പ്രധാന പ്രതിരോധ പങ്കാളി ഇന്ത്യയാണെന്നും പെൻ്റഗൺ വ്യക്തമാക്കി.

************************

**VP-CHANDIGARH**

ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ നാളെ ചണ്ഡിഗഡ് സന്ദർശിക്കും. പഞ്ചാബ് സർവകലാശാലയുടെ അഞ്ചാമത് ഗ്ലോബൽ അലുംനി മീറ്റ് അദ്ദേഹം ഉദ്ഘാടനം ചെയ്യും. പഞ്ചാബ് സർവകലാശാലയുടെ വൈസ് ചാൻസലർ കൂടിയാണ് അദ്ദേഹം.

************************

## M-POX

എം.പോക്സ് സ്ഥിരീകരിച്ച് പരിയാരം മെഡിക്കൽ കോളജിൽ ചികിത്സയിൽ കഴിയുന്ന രണ്ടു പേരുടെയും ആരോഗ്യനില തൃപ്തികരമെന്ന് സംസ്ഥാന ആരോഗ്യ വകുപ്പ്. U.A.E യിൽ നിന്നെത്തിയ കണ്ണൂർ സ്വദേശിയുടെ റൂട്ട് മാപ്പ് ജില്ലാ ആരോഗ്യവകുപ്പ് ഇന്നലെ പുറത്തു വിട്ടിരുന്നു. രോഗം സ്ഥിരീകരിച്ച മറ്റൊരാൾ വയനാട് സ്വദേശിയാണ്. എംപോക്സ് രോഗികളുമായി സമ്പർക്കത്തിൽ വന്നവർക്ക് രോഗ ലക്ഷണങ്ങളുണ്ടെങ്കിൽ ആരോഗ്യ വകുപ്പിനെ വിവരം അറിയിക്കണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ ആവശ്യപ്പെട്ടു.

************************

************************

********